DESPATCHED On 6/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP-388, 390(2)/2022/എസ്.ഐ.സി**
**തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 14539, 14549/എസ്.ഐ.സി-ജി6/2022)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. രാജേഷ് എ.സി,<br>ആനപാറപ്പറമ്പിൽ വീട്,<br>എരയാംകുടി (പി.ഒ),<br>മാമ്പ്ര, തൃശ്ശൂർ - 680 308. | ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ജില്ലാ ഖാദി ഗ്രാമ വ്യവസായ കാര്യാലയം,<br>പാലസ് റോഡ്, ചെമ്പ്കാവ്,<br>തൃശ്ശൂർ - 680 020. | എതിർകക്ഷി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പ് പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. രാജേഷ്. എ.സി, 20/09/2022-ലും 20/08/2022-ലും സമർപ്പിച്ച പരാതി ഹർജികൾ 22/09/2022 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP. No. 388(2)/2022/SIC, CP. No. 390(2)/2022/SIC എന്നീ നമ്പരുകളിലായി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷകൾക്ക് SPIO മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 20/07/2022 തീയതി സമർപ്പിച്ച അപേക്ഷകൾക്ക് 16/08/2022-ന് ടിയാൻ മറുപടി നൽകിയിട്ടുണ്ട്.

4. 06/10/2022 തീയതി എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരൻ 20/07/2022 തീയതിയിൽ ടി കാര്യാലയത്തിൽ നൽകിയ അപേക്ഷകൾക്കു എതിർകക്ഷി 16/08/2022-ന് മറുപടി നൽകിയിട്ടുണ്ടെന്നും, മറുപടിയുടെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

5. 11/01/2023 തീയതി കമ്മീഷൻ തൃശ്ശൂർ ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയ ഹിയറിംഗിൽ എതിർകക്ഷി ഹാജരായിരുന്നു. പരാതിക്കാരൻ ഹാജരായില്ല.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരൻ ആവശ്യപ്പെട്ട ലഭ്യമായ വിവരങ്ങൾ ടിയാന് നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി ഹിയറിംഗ് വേളയിൽ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. പരാതി ഹർജികളിൽ വിവരങ്ങളോ, മറുപടിയോ രേഖകളോ നൽകണമെന്നു നിയമപരമായി നിർദ്ദേശിക്കാൻ കഴിയുന്നതല്ല. മറുപടി ലഭ്യമാക്കുന്നതിൽ എസ്.പി.ഐ.ഒ-യുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ, ടി എസ്.പി.ഐ.ഒ-യ്ക്കെതിരെ നടപടി എടുക്കാൻ മാത്രമേ വിവരാവകാശ നിയമം അനുശാസിക്കുന്നുള്ളു. ആയതിന്റെ അടിസ്ഥാനത്തിൽ, ടി ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ പരാതി ഹർജികൾ ഇന്നേ ദിവസം 2023 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

Sd/

**കമ്മീഷൻ സെക്രട്ടറി**